കെ.എസ്.ആർ.ടി.സി. യിൽ സീസൺ ടിക്കറ്റ് സംവിധാനം

28 (*418) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ സീസൺ ടിക്കറ്റ് സംവിധാനം ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) സീസൺ ടിക്കറ്റ് സംവിധാനം നടപ്പിലാക്കുന്നതുവഴി കെ.എസ്.ആർ.ടി.സി.ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കാൻ കഴിയുമെന്നതും ഇതുമൂലം വരുമാനം കൂടുമെന്നതിനെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) കാസർഗോഡ് ജില്ലയിൽ മാത്രം സീസൺ ടിക്കറ്റ് സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി.

(ബി) അടുത്തഘട്ടമെന്ന നിലയിൽ ഉദാരമായ വ്യവസ്ഥകളോടെ എറണാകുളം ജെട്ടി-ഗുരുവായൂർ, തൃശ്ശൂർ-പാലക്കാട്, പാലക്കാട്-കോഴിക്കോട്, എറണാകുളം-തൃശ്ശൂർ എന്നീ റൂട്ടുകളിൽ അടുത്തഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമൂലം കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കാനാകുമെന്നു കണ്ടാൽ മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതാണ്.

(സി&ഡി) സീസൺ ടിക്കറ്റ് സംവിധാനം വ്യാപകമാക്കിയാൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കാനും അതുവഴി കൂടുതൽ വരുമാനമുണ്ടാക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് എത്രമാത്രം പ്രായോഗികമാകുമെന്ന് അറിയാനാണ് രണ്ടാംഘട്ടമെന്ന നിലയിൽ തെരഞ്ഞെടുത്ത റൂട്ടുകളിൽ നടപ്പാക്കുന്നത്.

വിദ്യാർത്ഥികൾക്ക് വ്യാവസായികോത്പാദന പരിശീലനം

29 (*419) ശ്രീ. എം. മുരളി :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശാസ്ത്ര-സാങ്കേതിക വിദ്യാലയങ്ങളിലെ പഠന കാലയളവിൽ തന്നെ വിദ്യാർത്ഥികൾക്ക് വ്യാവസായിക വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലൈഫ് കെയറും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജും വ്യവസായ വിദ്യാഭ്യാസ മേഖലാ വികസനം പ്രാവർത്തികമാക്കാനായി എന്തൊക്കെ പരിപാടികൾക്കാണ് രൂപം നൽകിവരുന്നത് ;

(സി) ഇതിനായി എന്തൊക്കെ കരാറുകൾ ഈ രണ്ട് സ്ഥാപനങ്ങളുമായി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പഠന കാലത്ത് വിദ്യാർത്ഥികൾക്ക് വ്യാവസായികോത്പാദന പരിശീലനം നൽകുന്നതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ;

(ഇ) കൂടുതൽ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇത്തരം പദ്ധതികൾ കലാലയങ്ങളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) എഞ്ചിനീയറിംഗ്/പോളിടെക്നിക്ക് വിദ്യാർത്ഥികൾക്ക് ഇൻഡസ്ട്രിയൽ വിസിറ്റ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എഞ്ചിനീയറിംഗ് മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1) വിദ്യാർത്ഥികളെ 20-30 ദിവസം നിർബന്ധമായും വ്യാവസായിക പരിശീലനത്തിന് അയയ്ക്കുന്നുണ്ട്.

2) എഞ്ചിനീയറിംഗ് കോളേജുകൾ, വ്യവസായ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നു.

3) കുട്ടികളുമായി ആശയ വിനിമയം നടത്തുന്നതിന് വ്യവസായ പ്രമുഖരെ ക്ഷണിക്കുന്നു.

4) വ്യവസായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു.

(ബി) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ വ്യവസായ വിദ്യാഭ്യാസ മേഖലാ വികസനം പ്രാവർത്തികമാക്കാനായി ഹിന്ദുസ്ഥാൻ ലാറ്റക്സ് ലൈഫ് കെയറുമായി ഒരു ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇതിലൂടെ കോളേജും സ്ഥാപനവും തമ്മിൽ അടുത്ത സമ്പർക്കം പുലർത്തുന്നു. വിദ്യാർത്ഥികളുടെ സ്ഥാപന സന്ദർശനം, വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിലെ സാങ്കേതിക വിദഗ്ധരുടെ ക്ലാസ്, വ്യവസായത്തിനുവേണ്ട സാങ്കേതിക സഹായം കോളേജിൽ നിന്ന് നൽകുക, സ്ഥാപനവുമായി ചേർന്ന് പ്രോജക്ടുകൾ തയ്യാറാക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) ഇതിനായി രണ്ടു സ്ഥാപനങ്ങളും തമ്മിൽ ഒരു ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിന്റെ ഭാഗമായി തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ടെക്നോളജി ഇൻക്യുബേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റിന്റെ ധനസഹായത്തോടെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ ഐ. പി. ആർ. സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പ്രൊഡക്ഷൻ സെന്ററുകൾ സ്ഥാപിക്കാനും പദ്ധതിയുണ്ട്.

(ഇ) നടപടി സ്വീകരിക്കും. ഇതിനായി സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് എന്ന സ്ഥാപനം തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ആരംഭിച്ചിട്ടുണ്ട്. ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് സമ്പർക്കം ശക്തിപ്പെടുത്തുക ഇതിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. കൂടുതൽ വ്യവസായ സ്ഥാപനങ്ങളുമായി ധാരണാ പത്രം ഒപ്പിടാൻ നടപടി സ്വീകരിക്കുന്നതാണ്. വ്യവസായ ഗവേഷണത്തിനായി ലബോറട്ടറികളും സജ്ജമാക്കുന്നതാണ്.

"ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം ടൂറിസം മേഖലയിൽ വ്യാപിപ്പിക്കുന്നതിന് നടപടി"

30 (*420) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം, ടൂറിസം മേഖലയിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കുട്ടനാടിന്റെ ഭംഗി ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ 'സീ കുട്ടനാട്' പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനായി ആധുനിക സംവിധാനങ്ങളുള്ള ബോട്ടുകൾ ലഭ്യമാക്കുമോ ;

(ഡി) വകുപ്പിന്റെ വിവരങ്ങൾ അടങ്ങിയ വെബ്സൈറ്റ് കൂടുതൽ ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ-സി) ഉണ്ട്. ജലഗതാഗത രംഗത്തെ ടൂറിസം സാദ്ധ്യത കണക്കിലെടുത്ത് പതിനാല് വർഷമായി നിറുത്തിവച്ചിരുന്ന കൊല്ലം-ആലപ്പുഴ ബോട്ട് സർവ്വീസ് പുനഃരാരംഭിച്ചു. കൂടാതെ, സ്വദേശികളും, വിദേശികളുമായ വിനോദ സഞ്ചാരികൾക്ക് കുട്ടനാടിന്റെ ഭംഗി, കുറഞ്ഞ ചെലവിൽ ആസ്വദിക്കുന്നതിനായി 'സീ കുട്ടനാട്' എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി അപ്പർഡെക്ക് സൗകര്യങ്ങളോടുകൂടിയ രണ്ട് ബോട്ടുകൾ വാങ്ങുന്നതിന് തീരുമാനമായിട്ടുണ്ട്.

(ഡി) സംസ്ഥാന ജലഗതാഗത വകുപ്പിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ആഗോളതലത്തിൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ആലപ്പുഴ നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേന www.swtd.gov.in എന്ന വെബ്സൈറ്റ് സജ്ജമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly